ഇടുക്കി ജില്ലയിൽ ഇപ്രകാരം 76 ശബരി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ കുട്ടിക്കാനം, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിൽ രണ്ട് റേഷൻ മൊത്ത വ്യാപാര ഡിപ്പോകളും അനുവദിച്ചിട്ടുണ്ട്. ആദിവാസി മേഖലകളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കാർഡുടമകളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ഈ ജില്ലയിൽ 7 പുതിയ റേഷൻകടകളും കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ അന്ത്യോദയ അന്നയോജന പദ്ധതിയുടെ മൂന്നാംഘട്ട വിപുലീകരണത്തിനുള്ള പദ്ധതികളും ആരംഭിച്ചുവരുന്നു. അന്നപൂർണ്ണ പദ്ധതി ഒരു തുടർ പദ്ധതിയാണ്.

ഇടുക്കി ജില്ലയിലെ നാല് താലൂക്കുകളേയും സേവനദായക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലയിലെ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(സി) സർക്കാർ തലത്തിൽ നിന്നുള്ള പൊതുവായ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സിവിൽ സപ്ലൈസ് വകുപ്പും കോർപ്പറേഷനും പ്രസ്തുത പദ്ധതികളും നടപ്പിലാക്കുന്നത്.

പരസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡി

69 [2058] ശ്രീ. ടി. എം. ജേക്കബ്:

,, . ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1 മുതൽ 2005 ജൂൺ 30 വരെയുള്ള കാലയളവിൽ പരസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട് എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതമാണെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര രൂപ വീതമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) 2004 ഒക്ടോബർ 1-ന് മുൻപുള്ള 9 മാസങ്ങളിൽ പരസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയിരുന്നു എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതം ഏതൊക്കെ മാസങ്ങളിലായിരുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2004 ഒക്ടോബർ മുതൽ 2005 ജൂൺ 30 വരെയുള്ള കാലഘട്ടം 2004-05, 2005-06, എന്നീ സാമ്പത്തിക വർഷങ്ങളിൽ പെടുന്നതും, ഈ സാമ്പത്തിക വർഷങ്ങളിലെ സാമ്പത്തിക കണക്കെടുപ്പ് പൂർത്തിയാകാത്തതുകൊണ്ട് അവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പരസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ കോർപ്പറേഷൻ നൽകിയിട്ടുണ്ട് എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതമാണെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര രൂപ വീതമാണെന്നും കണക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004 ഒക്ടോബർ 1-ന് മുൻപുള്ള 9 മാസങ്ങളിൽ ഉൾപ്പെട്ട കണക്കുകൾ 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിൽപെടുന്നതും, കോർപ്പറേഷന്റെ സാമ്പത്തിക കണക്കെടുപ്പ് 2003-04 വരെ പുരോഗമിച്ചുവരുന്നതേയുള്ളൂ എന്നുള്ളതുകൊണ്ടും പ്രസ്തുത 9 മാസത്തെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പർസസ് ആൻഡ് സപ്ലൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ കോർപ്പറേഷൻ നൽകിയിരുന്നു എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതം ഏതൊക്കെ മാസങ്ങളിലായിരുന്നു എന്നുമുള്ള കണക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി വിറ്റിട്ടുള്ള പഞ്ചസാരയുടെ അളവ്

70 [2059] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജൂൺ 30 വരെ എത്ര ടൺ പഞ്ചസാര സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി വിറ്റിട്ടുണ്ട്; ഇത് വഴി കോർപ്പറേഷന് എത്ര രൂപയുടെ ലാഭം ഉണ്ടായി;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആകെ എത്ര ടൺ പഞ്ചസാര, കോർപ്പറേഷൻ വാങ്ങിയിട്ടുണ്ടെന്നും അത് ആരിൽ നിന്നൊക്കെയാണെന്നും ഒരോരുത്തരിൽ നിന്നും വാങ്ങിയ കാണ്ടിറേറ്റ് എത്രയെന്നും ഒരോ മാസങ്ങളിലും കിലോയ്ക്ക് എന്ത് വില പ്രകാരമാണ് വാങ്ങിയിരുന്നതെന്നും വിശദമാക്കാമോ;

(സി) കൃത്രിമ വിലക്കുറവ് കാണിക്കുവാനായി ഗുണനിലവാരം കുറഞ്ഞ പഞ്ചസാര ഇറക്കുമതി ചെയ്യാൻ രഹസ്യ നീക്കം നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ബി. പി. എൽ. കാർഡുകാർക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ടതായ എത്ര ടൺ പഞ്ചസാര കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി വിറ്റിട്ടുണ്ടെന്നും അതിലൂടെ ലഭിച്ച വിറ്റുവരവെത്രയെന്നും ഇതു പ്രകാരം കോർപ്പറേഷന് എത്ര രൂപയുടെ ലാഭമുണ്ടായെന്നും വ്യക്തമാക്കാമോ;

(ഇ) കോർപ്പറേഷന് പഞ്ചസാര ലഭിച്ചത് കിലോയ്ക്ക് എന്ത് വിലയ്ക്കാണെന്നും ഇത് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ വഴി വിറ്റത് കിലോയ്ക്ക് എത്ര രൂപയ്ക്കാണെന്നും വെളിപ്പെടുത്താമോ;

(എഫ്) വിൽപ്പനയ്ക്ക് ഡയറക്ടർ ബോർഡിന്റെ അംഗീകാരമുണ്ടായിരുന്നോ; എങ്കിൽ ഏതു ദിവസം കൂടിയ ഡയറക്ടർ ബോർഡാണ് ഈ അനുമതി നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly